**നായികയെ കുലീനയും കുലസ്ത്രീയും സുശീലയുമാക്കുന്നതിനായി അവളെ കണ്ണീരിൽ മുക്കിയെടുക്കുന്ന പഴയ തന്ത്രം തന്നെയാണ് പ്രണയം എന്ന സിനിമയ്ക്കും പറയാനുള്ളതെന്ന്**

**എസ്. നാരായണൻ**

# കുഴഞ്ഞു വീഴുന്ന പ്രണയം

**എന്തിനാണ** നമ്മുടെ നായികമാർ ഒരു കാരണവുമില്ലാതെ, തോരാത്ത കാലവർഷം പോലെ നിരന്തരം ഇങ്ങിനെ കരഞ്ഞുകൊണ്ടേയിരിക്കുന്നത്? സിനിമാക്കാരെ സംബന്ധിച്ചിടത്തോളം, നായികയെ കുലീനയും കുലസ്ത്രീയും സുശീലയുമാക്കാനുള്ള സൂത്രങ്ങളിലൊന്ന് അവളെ കണ്ണീരിൽ മുക്കിയെടുക്കുകയാണ്. 'പ്രണയം' എന്ന സിനിമയിലും ഇതു തന്നെയാണ് സ്ഥിതി. പ്രണയത്തെപ്പറ്റി, അതും വാർദ്ധക്യകാല പ്രണയത്തെപ്പറ്റി പുതിയതെന്തോ അവതരിപ്പിക്കുന്നു എന്ന കോലാഹലവുമായി എത്തിയിരിക്കുന്ന ഈ സിനിമയും പഴയ മൂഢധാരണകളെയും സദാചാര കാപട്യങ്ങളേയും തന്നെയാണ് അരക്കിട്ടുറപ്പിക്കുന്നത്. കുപ്പി മാത്രമാണ് പുതിയത്. വീഞ്ഞിനിപ്പോഴും ആ പഴയ പുളിച്ച മണം തന്നെ.

### കുഴഞ്ഞുവീഴൽ - ഒന്ന്

സ്വന്തം കാലിൽ നിൽക്കാൻ കെൽപില്ലാതെ പ്രണയം കൂടെക്കൂടെ കുഴഞ്ഞു വീഴുന്നതാണ് ഇതിൽ കാണുന്നത്. അറുപത്തിയേഴു വയസ് പ്രായമുള്ള അച്ചുതമേനോൻ കുറച്ചു ദിവസമായി നഗരത്തിൽ മകന്റെ ഫ്ളാറ്റിൽ താമസിക്കുന്നു. മകന്റെ ഭാര്യയും മകളുമാണ് അവിടെയുള്ളത്. മകൻ സുരേഷ് ഷാർജയിലും. ഒരു ദിവസം ഫ്ളാറ്റിലെ ലിഫ്റ്റിൽ വെച്ച് അപ്രതീക്ഷിതമായി അയാൾ ഗ്രേസിനെ കണ്ടുമുട്ടുന്നു. (ലിഫ്റ്റില്ലെങ്കിൽ കഷ്ടത്തിലായേനെ! കയറാനും ഇറങ്ങാനും മാത്രമല്ല, ബന്ധങ്ങളെ കൂട്ടിമുട്ടിക്കാനും കൂടിയാണ് അത്. സിനിമയെടുക്കണമെങ്കിൽ ക്യാമറയും ലൈറ്റും ഫിലിമും മാത്രമല്ല, ലിഫ്റ്റും കൂടി വേണം എന്ന സ്ഥിതിയാണ്.) ഗ്രേസിനെ കണ്ടതും ഉടൻ മേനോൻ കുഴഞ്ഞു വീണു.

പിന്നീട് പതിവുപോലെ ഐസിയു, ആശുപത്രിമുറി, സന്ദർശകർ എന്നിങ്ങനെ. രോഗവിവരമറിയാൻ ഗ്രേസ് അവിടെ കൂടെക്കൂടെ പോകുന്നു. ഗ്രേസിനെ കണ്ടതു കൊണ്ടാണ് അയാൾ കുഴഞ്ഞു വീണത് എന്നതു കൊണ്ടോ അയാളെ ആശുപത്രിയിലെത്തിച്ചത് അവളായതു കൊണ്ടോ മാത്രമല്ല അവളവിടെ പോകുന്നത്. ഗ്രേസ് അയാളുടെ മുൻ ഭാര്യയാണ്. അയാളുടെ മകൻ സുരേഷിന്റെ അമ്മയും. നാൽപതു വർഷങ്ങൾക്കു മുമ്പ് ഡൈവോഴ്സ് ചെയ്തതിനു ശേഷമുള്ള കണ്ടുമുട്ടലായിരുന്നു ലിഫ്റ്റിൽ വെച്ചു നടന്നത്. എപ്പോഴും കരഞ്ഞുകൊണ്ടേയിരിക്കുന്ന ഗ്രേസിനോട് അവളുടെ രണ്ടാമത്തെ ഭർത്താവ് മാത്യൂസ് കാരണമന്വേഷിക്കുന്നു. അവൾ എല്ലാ വിവരങ്ങളും അയാളോട് പറയുന്നു. മാത്യൂസാണെ

ങ്കിൽ ശരീരത്തിന്റെ ഒരു വശം തളർന്നു കിടപ്പാണ്. (സംവിധായകൻ അയാളുടെ ഒരു വശം തളർത്തിയിട്ടിരിക്കുന്നു!) ഗ്രേസ് ഉന്തിക്കൊണ്ടു നടക്കുന്ന വീൽ ചെയറിലാണ് അയാളുടെ സഞ്ചാരം. അതേ കെട്ടിടത്തിൽ തന്നെ മകളും അവളുടെ ഭർത്താവും കൊച്ചു മകളും ഒന്നിച്ച് ഗ്രേസും മാത്യൂസും താമസിക്കുന്നു. മുൻ ഭർത്താവും മകനും കുടുംബവും രണ്ടാമത്തെ ഭർത്താവും അതിലെ മകളും കുടുംബവും എല്ലാവരും കൂടെ ഒരേ കെട്ടിടത്തിൽ കൂടിയിരിക്കുകയാണ്! തമ്മിൽ കണ്ടു മുട്ടാൻ വേണ്ടി താഴോട്ടും മേലോട്ടും പോകുന്ന ലിഫ്റ്റും. പ്രപഞ്ചം ഒരു മഞ്ഞു തുള്ളിയിൽ പ്രതിഫലിക്കുന്നു എന്നൊക്കെ പറയുന്നതു പോലെ.



ഗ്രേസും മേനോനും തമ്മിലുള്ള കൂടിക്കാഴ്ചകൾ ഫ്ളാറ്റിലുള്ളവരുടെ അനാവശ്യ സംസാരങ്ങൾക്ക് വഴി വെക്കുന്നതായി മക്കൾ രണ്ടു വീട്ടിലും പരാതി പറയാൻ തുടങ്ങുന്നു. ഇതു തങ്ങൾക്ക് അപമാനകരമാണെന്നു പറഞ്ഞ് മക്കൾ രണ്ടു കുടുംബങ്ങളിലും ബഹളമുണ്ടാക്കുന്നു. ഇതിനിടയിൽ മാത്യൂസ് അച്ചുതമേനോനെ കാണുകയും അവർ തമ്മിൽ നല്ല സൗഹൃദം ഉടലെടുക്കുകയും ചെയ്യുന്നു. ആ ബന്ധം മൂന്നു പേർക്കും, പ്രത്യേകിച്ച് മാത്യൂസിന്, കൂടുതൽ ഉന്മേഷമുണ്ടാക്കുന്നു.

### കുഴഞ്ഞു വീഴൽ – രണ്ട്


മക്കളുടെയും അയൽക്കാരുടെയും കൺവെട്ടത്തു നിന്നും അവർ മൂന്നു പേരും കൂടി ഒരു യാത്ര പോകുന്നു. ആഹ്ലാദനിമിഷങ്ങൾ മൂവർക്കും സമ്മാനിക്കുന്നു ആ യാത്ര. അതുകൊണ്ടായില്ല, ആരെങ്കിലും കുഴഞ്ഞു വീഴേണ്ട സമയമായി. ഇത്തവണ മാത്യൂസിനാണ് നറുക്ക്. ഉടനെ കടൽത്തീരത്തു വെച്ച് വീൽച്ചെയറിൽ നിന്ന് മാത്യൂസ് കുഴഞ്ഞു വീണു. ഐസിയു, ആശുപത്രിമുറി എല്ലാം വീണ്ടും.

### കുഴഞ്ഞു വീഴൽ – മൂന്ന്

മാത്യൂസ് ഡോക്റ്ററുടെ കടുത്ത നിരീക്ഷണത്തിൽ ആശുപത്രി മുറിയിൽ കിടക്കുന്നു. പുറത്ത് മേനോനും ഗ്രേസും മാത്രം. വരാന്തയിൽ വെച്ച് ഒരു സന്ദർഭത്തിൽ മേനോൻ ഗ്രേസിനെ മൂർദ്ധാവിൽ (മൂർദ്ധാവിൽ മാത്രം!) ചുംബിക്കുന്നു. ഗ്രേസിന് എതിർക്കണമെന്നുണ്ടെങ്കിലും എന്തിനെന്നറിയാതെ അവൾ അത് സമ്മതിച്ചു കൊടുക്കുന്നു. ഉടനെ, പ്രപഞ്ചം ഘോരമായ ഇടിവെട്ടിന്റെ രൂപത്തിൽ ഭൂമിയിൽ നടന്ന ആ കൊടും കുറ്റകൃത്യത്തിൽ ഇടപെടുന്നു. നേരത്തേ ഇതേ മൂർദ്ധാവിൽ ഭർത്താവ് ചുംബിക്കുമ്പോൾ സംഗീതം ഉയരുകയും അതൊരു ഗാനമായി വിടരുകയും ചെയ്യുന്നു. ഭർത്താവല്ലാത്ത ഒരാൾ ഒരു സ്ത്രീയെ സ്പർശിച്ചാൽ പ്രപഞ്ചശക്തികൾക്ക് ഇടപെടാതിരിക്കാൻ ആവില്ല. പരമപവിത്രമായ മാനസസരോവരത്തിലേക്ക് പോയ തീർത്ഥാടകസംഘം ഒരിക്കൽ മഞ്ഞുമല ഇടിഞ്ഞ് അപകടത്തിൽ പെട്ടിരുന്നു. അതിനു കാരണം ജുഹു ബീച്ചിൽ നഗ്ന ഓട്ടം നടത്തിയ പ്രൊതിമാ ബേദി അതിൽ ഉൾപ്പെട്ടതു കൊണ്ടാണെന്ന് ഏതാണ്ട് തെളിഞ്ഞു കഴിഞ്ഞതാണ്. കത്രീന, റീത്ത, ലൈല തുടങ്ങിയ സ്ത്രീകൾ നടത്തിയ സദാചാരലംഘനം കാരണമാണത്രേ നാശം വിതക്കുന്ന കൊടുങ്കാറ്റുകൾക്ക് ആ പേരുകൾ വീണത്. ഈ പരിപാടി ഏറ്റവും കൂടുതൽ ചെയ്യുന്നത് കടൽ ആണ്. 2004ൽ നടന്ന സുനാമിക്കു കാരണമായ സദാചാരലംഘനങ്ങളുടെ ഞെട്ടിപ്പിക്കുന്ന കഥകൾ ഇനിയും കണ്ടെത്താനിരിക്കുന്നതേയുള്ളൂ. സഞ്ചാരശേഷിയില്ലാത്ത, കുഷ്ഠരോഗിയായ ഭർത്താവിനെ ഒരു കുട്ടയിലിരുത്തി ചുമന്നു കൊണ്ടു പോയി വേശ്യാഗൃഹത്തിലെത്തിച്ച് അയാളുടെ ആഗ്രഹം സാധിപ്പിച്ചു കൊടുത്ത പതിവ്രതാരത്നമായ ശീലാവതി എന്ന കുലസ്ത്രീ ജീവിച്ചിരുന്ന മണ്ണാണ് ഇത്. പെട്ടെന്നുണ്ടായ ഇടിവെട്ട്, ഈ മണ്ണിൽ ഇത്രയും വൃത്തികേടുകൾ അനുവദിക്കാനാവുകയില്ലെന്ന പ്രകൃതിയുടെ താക്കീതാണ്. ഇടിവെട്ടിന്റെ ആഘാതത്തിൽ അവൾ അയാളുടെ നെഞ്ചിലേക്ക് ചായുന്നു. അയാൾ, പേടിച്ചരണ്ട അവളെ ചേർത്തു പിടിക്കുന്നു. ഒരു കുലീനയായ സ്ത്രീ ഇങ്ങനെയാകാമോ? പാടില്ല. സംവിധായകന്റെ കയ്യിലുള്ള ഒന്നാന്തരം ചികിത്സ അവൾക്കും കിട്ടുന്നു. ഉടനെ അവളും കുഴഞ്ഞു വീണു. (കുഴഞ്ഞു വീഴൽ – മൂന്നു തരം. ഇതിലുറപ്പിച്ചു.)

**പെട്ടെന്നുണ്ടായ ഇടിവെട്ട്, ഈ മണ്ണിൽ ഇത്രയും വൃത്തികേടുകൾ അനുവദിക്കാനാവുകയില്ലെന്ന പ്രകൃതിയുടെ താക്കീതാണ്. ഇടിവെട്ടിന്റെ ആഘാതത്തിൽ അവൾ അയാളുടെ നെഞ്ചിലേക്ക് ചായുന്നു. അയാൾ, പേടിച്ചരണ്ട അവളെ ചേർത്തു പിടിക്കുന്നു. ഒരു കുലീനയായ സ്ത്രീ ഇങ്ങനെയാകാമോ? പാടില്ല. സംവിധായകന്റെ കയ്യിലുള്ള ഒന്നാന്തരം ചികിത്സ അവൾക്കും കിട്ടുന്നു. ഉടനെ അവളും കുഴഞ്ഞു വീണു**

ഒരു ഭാര്യയായ അവൾ മറ്റൊരാളെ സ്പർശിച്ചതിന്റെ പേരിൽ ജീവിച്ചിരിക്കുവാനുള്ള അവകാശം നഷ്ടപ്പെടുത്തി ഉടനെ മരിച്ചു പോകുന്നു. (പ്രണയം! മണ്ണാങ്കട്ട!!). ഗ്രേസ്മാത്യൂസ് എന്ന് മാർബിളിൽ കൊത്തിവച്ച, പ്രണയത്തിന്റെ ശവ



കുടീരത്തിൽ പൂക്കളർപ്പിച്ച്, ശവപ്പറമ്പിലൂടെ മേനോൻ മാത്യൂസിനെ വീൽച്ചെയറിലിരുത്തി ഉരുട്ടിക്കൊണ്ടു പോകുമ്പോൾ സിനിമ തീർന്നു കിട്ടുന്നു.

തെറ്റുകൾ ഒന്നും ചെയ്യാത്തതുകൊണ്ടാണ് സീത, ശ്രീരാമൻ കൺഡക്റ്റ് ചെയ്ത അഗ്നിപരീക്ഷയിൽ വെന്തു മരിക്കാതിരുന്നത്. ഇവിടെ പരപുരുഷനെ സ്പർശിച്ചതുകൊണ്ടാണ് ഗ്രേസിന് നിയതിയുടെ ഇടിത്തീയിൽ പെട്ട് കരിഞ്ഞു പോകേണ്ടി വന്നത്. ത്രേതായുഗത്തിൽ നിന്നും പിന്നിലേക്കല്ലാതെ ഒരിഞ്ചു പോലും മുന്നിലേക്കില്ലെന്ന് തന്നെയാണ് ശാഠ്യം. സിനിമയുടെ അവസാനം 'പ്രണയം തുടരുന്നു' എന്നെഴുതിക്കാണിക്കുകയും ചെയ്യുന്നുണ്ട്. അത്ഭുതം! ഈ അതിക്രമങ്ങളെല്ലാം ചെയ്തിട്ടും സംവിധായകൻ പ്രണയത്തിന്റെ കമ്പിയിൽ നിന്ന് പിടി വിടുന്നുമില്ല.

'ഞാൻ തുമ്പോലാർച്ച പിഴച്ചവളല്ല' എന്ന പാട്ടും പാടി ഷീല തകർത്തഭിനയിക്കുന്നത് 'തുമ്പോലാർച്ച' എന്ന സിനിമ കണ്ടവർ ഓർക്കുന്നുണ്ടാവും. കുഞ്ചാക്കോ മുതലാളി പോലും പെണ്ണിന് കാര്യം പറയാനുള്ള അവസരം കൊടുത്തിരുന്നു. എന്തിനേറെ പറയുന്നു, ബ്രാഹ്മണ്യം അതിന്റെ കൊടി കുത്തിയ കാലത്തു പോലും സ്മാർത്ത വിചാരം പോലുള്ള കപടവിചാരണയെങ്കിലും അനുവദിച്ചിരുന്നു. സദാചാരത്തിന്റെ സകല വിഴുപ്പു ഭാണ്ഡങ്ങളും ചുമന്നു നിൽക്കുന്ന നമ്മുടെ സംവിധായക പ്രതിഭ നായികയെ ക്ഷണനേരം കൊണ്ട് ഭൂമിയിൽ നിന്ന് തുടച്ചു നീക്കുകയാണ്. അമ്മയെ പാഞ്ചാലിയെന്ന് വിളിച്ചാക്ഷേപിക്കുന്ന മകളെയും അച്ഛനെ ഫ്ളാറ്റിൽ നിന്നും ഒഴിവാക്കാൻ ശ്രമിക്കുന്ന മകനെയും ചിത്രീകരിക്കുക വഴി ആധുനിക തലമുറയുടെ പിന്തിരിപ്പൻ സമീപനങ്ങളെ നോക്കി പരിഹസിക്കുന്നുണ്ട് സംവിധായകൻ. ഈ ചിരി, മന്തുകാൽ മണലിൽ മൂടി വെച്ച്  പണ്ടൊരു വിദ്വാൻ ചിരിച്ചതു പോലെയാണെന്ന് സിനിമ കഴിയുമ്പോളാണ് മനസ്സിലാവുക.

പ്രണയത്തിന്റെ സംവിധായകൻ, താൻ പത്മരാജന്റെ ശിഷ്യനാണെന്ന് സ്ഥാനത്തും അസ്ഥാനത്തും അവകാശപ്പെട്ടു കാണാറുണ്ട്. ഒരു ചോദ്യത്തിനുത്തരമായി അദ്ദേഹം ഇങ്ങനെ പറഞ്ഞു. "അത് ഞാൻ സിനിമ പഠിച്ചു വളർന്ന സ്കൂളിന്റെ ബലമാണ്. പത്മരാജൻ എന്ന വലിയ വിദ്യാലയം. പ്രേക്ഷകരെ പേടിക്കാതിരിക്കുകയും മുൻവിധിയോടെ കാണാതിരിക്കുകയുമാണ് അതിലേറ്റവും വലിയ പാഠം. പ്രേക്ഷകർക്ക് രുചിക്കുന്നതു മാത്രം വിളമ്പുന്ന ഒരാളാവാൻ എനിക്കു താൽപര്യമില്ല. വിപണി മൂല്യം മാത്രം നോക്കി വസ്തുക്കൾ നിർമ്മിക്കാനും എനിക്കറിയില്ല. കലയിലെ ആത്മാർത്ഥമായ പരിശ്രമങ്ങൾക്കു പിറകേ ആസ്വാദകർ വരും എന്ന കാര്യം തീർച്ചയാണ്. പത്മരാജൻ സാർ പഠിപ്പിച്ചതാണത്." (അഭിമുഖം, മാതൃഭൂമി വാരാന്തപ്പതിപ്പ്, 2011 സെപ്റ്റെംബർ 11)

'നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പുകൾ' എന്ന ചിത്രം എടുത്തയാളാണ് പത്മരാജൻ. രണ്ടാനച്ഛനാൽ ബലാൽസംഗം ചെയ്യപ്പെട്ട് ഒരു പഴന്തുണി പോലെ മുറിയുടെ മൂലയിലേക്ക് തള്ളപ്പെട്ട തന്റെ കാമുകിയെ ധീരമായി ജീവിതത്തിലേക്ക് സ്വീകരിക്കുന്ന സോളമനാണ് അതിലെ നായകൻ. സ്ത്രീ ഒരു ശരീരം മാത്രമല്ലെന്ന് ഉറക്കെയും ഏറ്റവും മനോഹരമായും പറയുന്ന ക്ലൈമാക്സാണ് ആ സിനിമയുടേത്. മലയാള സിനിമക്കു തന്നെ ഷോക്ക് ചികിത്സ കൊടുത്ത പത്മരാജന്റെ ശിഷ്യനാണെന്ന് അവകാശപ്പെടുന്നയാൾ ചെയ്യുന്നതോ? ഒരു പ്രത്യേക സന്ദർഭത്തിൽ അറുപതിനു മേൽ പ്രായമുള്ള ഒരു സ്ത്രീയും പുരുഷനും ഒന്നു സ്പർശിച്ചു പോയ ഉടൻ പ്രകൃതി ശക്തികളെ വരെ കൂട്ടു പിടിച്ച് 'പാപപങ്കില'യായ നായികയെ ഭൂമിയിൽ നിന്നു തന്നെ നിഷ്കാസനം ചെയ്യുന്നു. 'നിന്റെ തലയിൽ ഇടിത്തീ വീഴട്ടെ' എന്നു തന്നെയാണ് അവൾക്ക് സംവിധായകനിൽ നിന്നു കിട്ടുന്ന ശാപം. എന്നിട്ട് സിനിമക്ക് 'പ്രണയം' എന്നു പേരിട്ട് വിഡ്ഢിച്ചിരി ചിരിക്കുന്നു.



ഒരു ഭാഗം അഴിക്കുമ്പോൾ മറുഭാഗം മുറുകുകയും മറുഭാഗം അഴിക്കുമ്പോൾ ആദ്യ ഭാഗം മുറുകുകയും ചെയ്യുന്ന പ്രണയത്തിന്റെ സങ്കീർണ്ണമായ രസതന്ത്രം മനസിലാക്കാൻ പത്മരാജന്റെ 'തൂവാനത്തുമ്പികൾ' ഒരിക്കലെങ്കിലും മനസ്സിരുത്തി കണ്ടാൽ മതിയായിരുന്നു. 'പ്രണയത്തിന്റെ ഒറ്റമഴ കൊണ്ടാൽ മതി, ജീവിതം മുഴുവൻ ചോർന്നൊലിക്കാൻ' എന്ന് അനുഗൃഹീതനായ കവി പി ആർ രതീഷ് എഴുതിയത് പോലെ. മഴയിൽ നിന്നും ഇഴ പിരിക്കാനാവാത്ത വിധം ലയത്തിലാണ് 'തൂവാനത്തുമ്പികളി'ലെ ജയകൃഷ്ണനും ക്ലാരയും. പ്രണയവും മഴയുമായി പത്മരാജൻ സൃഷ്ടിച്ചെടുക്കുന്ന മാസ്മരികമായ ഇഴയടുപ്പം കണ്ട് ഈ സിനിമയിൽ ശിഷ്യൻ കഥാപാത്രങ്ങളെ രാവും പകലും മഴയത്തിട്ടോടിക്കുന്നുണ്ട്. ഇവിടെ ജലദോഷമല്ലാതെ പ്രണയമൊന്നും സംഭവിക്കുന്നില്ല.

പ്രണയം എന്ന സങ്കൽപത്തിനു തന്നെ ഇടിവെട്ടേൽപിക്കുന്ന ഒരാൾ, മറ്റെന്ത് അവകാശവാദമുന്നയിച്ചാലും, താൻ പത്മരാജന്റെ ശിഷ്യനാണെന്ന് അവകാശപ്പെട്ട് അദ്ദേഹത്തെ നിരന്തരം അപമാനിക്കുന്നതെങ്കിലും അവസാനിപ്പിക്കേണ്ടതാണെന്ന് ഈ സിനിമയെ മുൻനിർത്തി പറയേണ്ടിയിരിക്കുന്നു. മലയാളത്തിലെ എക്കാലത്തെയും പ്രണയകഥകളിലൊന്നായ 'ലോല' യുടെ രചയിതാവ് മാത്രമല്ല, പ്രണയത്തിന്റെ ഭിന്നഭാവങ്ങളെ അതിന്റെ മുഴുവൻ മനോഹാരിതയോടെയും വെള്ളിത്തിരയിലേക്ക് ആവാഹിക്കാൻ കഴിഞ്ഞ ചലച്ചിത്ര സംവിധായകനുമാണ് പത്മരാജൻ. പത്മരാജൻ ഇങ്ങനെ ഒരു അവഹേളനം ഒരു നിലയ്ക്കും അർഹിക്കുന്നില്ല.